I ഇ.ബി. XIII – കേരള നിയമസഭ/VII - 3

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ഫെബ്രുവരി 6, ബുധനാഴ്ച

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി**

മി. സ്പീക്കർ: വൻകിട ഡീസൽ ഉപഭോക്താക്കളുടെ പട്ടികയിൽ നിന്ന് കെ.എസ്.ആർ.ടി.സി. യെ ഒഴിവാക്കാൻ കേന്ദ്രം സന്നദ്ധമാകാത്തതിനാൽ ആ സ്ഥാപനം നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാത്തതുമൂലം സംസ്ഥാനത്തെ സാധാരണക്കാർ നേരിടുന്നതായി പറയപ്പെടുന്ന ഗുരുതര മായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാ വശ്യപ്പെട്ട് സർവ്വശ്രീ. മാത്യൂ ടി. തോമസ്, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), വി. എസ്. സുനിൽ കുമാർ, കോവൂർ കുഞ്ഞുമോൻ, തോമസ് ചാണ്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഈ പ്രശ്നത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടുകയും താൽക്കാലികാശ്വാസമായി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രശ്നം ഗുരുതരമായി തുടരുകയാണ്. ഈ പ്രശ്നത്തെ സംബന്ധിച്ച് പഠിക്കാൻ ചീഫ് സെക്രട്ടറി കൺവീനറായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടി കൈക്കൊള്ളുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: ഡീസൽ വില വർദ്ധനവുമൂലം കടുത്ത പ്രതിസന്ധിയാണ് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്നത്. സബ്സിഡി കൂടാതെയുള്ള നിരക്കിൽ മാത്രമേ കെ.എസ്.ആർ.ടി.സി. ക്ക് ഡീസൽ നൽകൂവെന്ന അറിയിപ്പ് ലഭിച്ചതിനുശേഷം കൂടിയ മന്ത്രിസഭായോഗത്തിൽ ഇതിനെതിരെ കേന്ദ്രത്തിന് കത്തയയ്ക്കണമെന്ന തീരുമാനം മാത്രമാണ് സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. ഈ ഉത്തരവ് വന്ന് പത്ത് ദിവസം കഴിഞ്ഞാണ് രണ്ട് മാസത്തേയ്ക്കുള്ള ധനസഹായം കെ.എസ്.ആർ.ടി.സി. ക്ക് നൽകാൻ ഗവൺമെന്റ് തീരുമാനമെടുത്തത്. ഇപ്പോൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ തികഞ്ഞ നിഷ്ക്രിയത്വമാണ് സംസ്ഥാനസർക്കാരും ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാനേജ്മെന്റും സ്വീകരിച്ചിട്ടുള്ളത്. ബൾക്ക് പർച്ചേസിനുള്ള മുഴുവൻ സബ്സിഡിയും ഒഴിവാക്കാൻ തീരുമാനിച്ചതുമൂലം ഡീസൽ അധികം വാങ്ങുന്നവർ കൂടുതൽ വില നൽകേണ്ട സ്ഥിതിയാണുണ്ടായിട്ടുള്ളത്. കൂടുതൽ വിലയ്ക്ക് ഡീസൽ വാങ്ങേണ്ടിവരുന്നതിനാൽ കെ.എസ്.ആർ.ടി.സി. ക്ക് പ്രതിമാസം പതിനാറ് കോടി രൂപ അധിക ബാധ്യതയുണ്ടാകുകയാണ്. ഇതുമൂലം ഷെഡ്യൂളുകൾ വൻതോതിൽ വെട്ടിക്കുറയ്ക്കുകയും അനധികൃത പാരലൽ സർവ്വീസ് വർദ്ധിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുണ്ടായിട്ടുള്ളത്. ഐ.ഒ.സി.

യുടെ റീട്ടെയിൽ പമ്പുകളിൽനിന്ന് കുറഞ്ഞ വിലയ്ക്ക് ഡീസൽ ലഭ്യമാണെന്നിരിക്കെ കൂടുതൽ വില നൽകി ഡീസൽ വാങ്ങാനുള്ള തീരുമാനമാണ് കെ.എസ്.ആർ.ടി.സി. കൈക്കൊള്ളുന്നത്. ബസ് ബോഡി നിർമ്മാണവും ഗ്യാരേജുകളുടെ പ്രവർത്തനവും അവതാളത്തിലായിരിക്കുകയാണ്. വിവിധ വർക്ക്ഷോപ്പുകളിലായി കിടക്കുന്ന 139 പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി കുറഞ്ഞ വിലയ്ക്ക് ഡീസൽ ലഭ്യമാക്കി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാനും കെ.എസ്.ആർ.ടി.സി.യെ തകർച്ചയിൽനിന്ന് രക്ഷിക്കാനും അടിയന്തര നടപടികൾ സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ഡീസൽ വില വർദ്ധനയുടെപേരിൽ യാത്രാക്കൂലി വർദ്ധിപ്പിക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിപ്പിക്കാനും അതുവഴി കളക്ഷൻ വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഷെഡ്യൂളുകളുടെ എണ്ണം വെട്ടിക്കുറച്ചുവെന്ന പ്രതിപക്ഷത്തിന്റെ ആരോപണം വസ്തുതകൾക്ക് വിരുദ്ധമാണ്. കഴിഞ്ഞ സർക്കാർ സ്വകാര്യബസ്സുകൾക്ക് അനധികൃതമായി അനുവദിച്ച പെർമിറ്റ് റദ്ദാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡീസൽ വിലവർദ്ധനക്കെതിരെയുള്ള സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ തുടർന്നും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

**(1) സമഗ്ര വിദ്യാഭ്യാസ പദ്ധതി**

ശ്രീ. എൻ. ഷംസുദ്ദീൻ : കേരളത്തിലെ 300-ഓളം സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന ബുദ്ധിവികാസം പ്രാപിക്കാത്ത 20000-ലധികം വരുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കാനും അടിയന്തര നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ മുഴുവൻ സ്പെഷ്യൽ സ്കൂളുകൾക്കും ബാധകമായ പാഠ്യ പദ്ധതി തയ്യാറാക്കണം. ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ വിദ്യാഭ്യാസ വിഷയം കെ.ഇ.ആർ.-ൽ ഉൾപ്പെടുത്തണം. ഈ മേഖലയുമായി ബന്ധപ്പെട്ട രണ്ട് പ്രധാനപ്പെട്ട കേന്ദ്ര ആക്റ്റുകൾ നടപ്പാക്കണം. സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ സ്കൂളുകളെ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്റ്റാറ്റസിലേയ്ക്ക് ഉയർത്തണം. തിരുവനന്തപുരത്തുള്ള സി.എച്ച്. മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും കോഴിക്കോട്ടും എറണാകുളത്തും ഇതിന് ഉപകേന്ദ്രങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : ബുദ്ധിമാന്ദ്യം, ഓട്ടിസം തുടങ്ങിയവ ബാധിച്ച് ബുദ്ധിപരമായ വളർച്ചയിൽ തകരാറ് സംഭവിച്ച കുട്ടികളും അവരുടെ മാതാപിതാക്കളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് ഏകാംഗ കമ്മീഷനെ സർക്കാർ നിയമിച്ചി ട്ടുണ്ട്. സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന 273 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 55 സ്ഥാപനങ്ങൾക്ക് കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിന്റെ ദീനദയാൽ ഡിസ്ഏബിൾഡ് റിഹാബി ലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്.) പ്രകാരം ധനസഹായം ലഭിക്കുകയും ശേഷിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ കഴിഞ്ഞ വർഷം പത്ത് കോടി രൂപ അനുവദിക്കുകയും നടപ്പ് വർഷം പത്ത് കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം സ്ക്കൂളുകളിലെ അധ്യാ പകർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാ രിന്റെ പരിഗണനയിലാണ്. സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.) എന്ന സ്ഥാപനത്തിൽ കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനും തൊഴിൽ പരിശീലനം ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം നിഷ്കർഷി ക്കുന്ന യോഗ്യത ഉള്ളവർക്ക് 400/- രൂപ സ്പെഷ്യൽ അലവൻസായി നൽകു ന്നുണ്ട്. സ്പെഷ്യൽ സ്കൂളുകളിൽ പ്രത്യേക പരിശീലനം ലഭിച്ച അധ്യാപക രുടെ കുറവ് പരിഹരിക്കുന്നതിനായി സർക്കാർ മേഖലയിൽ നാല് ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി 240 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

## (2) കെ.എസ്.ഡി.പി. നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. തിലോത്തമൻ: കെ.എസ്.ഡി.പി. നിർമ്മിച്ച മൂന്നര കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ കെട്ടിക്കിടക്കുകയാണെന്നുമാത്രമല്ല ഇവയുടെ കാലാവധി കുറഞ്ഞ് വരികയുമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ഡി.പി.യുടെ നവീകരണത്തിനും ആധുനികരീതിയിലുള്ള ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുമായി ധനസഹായം ലഭ്യമാക്കിയിരുന്നു. മരുന്നുകൾ വില കുറച്ച് നൽകണമെന്ന കർക്കശമായ നിലപാട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിക്കുമ്പോൾത്തന്നെ ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ സ്വകാര്യ മരുന്നുൽപ്പാദക കമ്പനികളിൽനിന്ന് വില കൂട്ടി വാങ്ങുകയും ചെയ്യുന്നു. ജീവനക്കാർക്ക് ജോലി ചെയ്യാതെ ശമ്പളം കൊടുക്കേണ്ടിവരുന്ന അവസ്ഥയാണ് കെ.എസ്.ഡി.പി. യിൽ ഉണ്ടായിരിക്കുന്നത്. കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി കേരളത്തിലെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യാൻ കഴിയണം. പ്രതിവർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെ 25% ഓർഡർ കെ.എസ്.ഡി.പി.-ക്ക് നൽകണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : കെ.എസ്.ഡി.പി. യിൽ കെട്ടിക്കിടക്കുന്ന 3.6 കോടി രൂപയുടെ മരുന്നിൽ കാലാവധി അവസാനിക്കുന്ന 2.14 കോടി രൂപയുടെ ഏഴിനം മരുന്നുകൾ ഏറ്റെടുക്കാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കെ.എസ്.

ഡി.പി. ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 1-1-2012 മുതൽ വാങ്ങിത്തുടങ്ങുമെന്ന തീരുമാനമനുസരിച്ച് നാളിതുവരെ 4.7 കോടി രൂപയുടെ മരുന്നുകൾ ഏറ്റെടുത്തിട്ടുണ്ട്. കെ.എസ്.ഡി.പി.ക്ക് ജി.എം.പി. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ മൂന്ന് മാസത്തിനുള്ളിൽ കേരളത്തിലെ പൊതുമാർക്കറ്റിലും മരുന്ന് വിൽപ്പന നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടേയും വ്യവസായ-ആരോഗ്യ വകുപ്പു മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തുന്നതും കെ.എസ്.ഡി.പി. യിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ മരുന്നുകളും ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബ് മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാൻ സാധിച്ചാൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന മുഴുവൻ മരുന്നുകളുടേയും ഗുണനിലവാര പരിശോധന നിർവ്വഹിക്കാൻ സാധിക്കും. ആന്റിബയോട്ടിക് ഇൻജക്ഷൻ ഉൽപാദിപ്പിക്കുന്ന ബീറ്റാ ലാക്ടം പ്ലാന്റും മേയ് മാസത്തോടെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സബ്മിഷൻസ്**

**(1) സൂര്യനെല്ലികേസ്സിൽ പുനരന്വേഷണം സംബന്ധിച്ച്**

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സൂര്യനെല്ലി കേസ്സിൽ ശ്രീ. പി. ജെ. കുര്യൻ മുൻപ് നൽകിയ മൊഴി വസ്തുതാവിരുദ്ധവും ജനങ്ങളേയും കോടതിയേയും തെറ്റിദ്ധരിപ്പിച്ചതായി ബോധ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഈ കേസ് പുനരന്വേഷിക്കാൻ തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രസ്തുത കേസ്സ് സംബന്ധിച്ച് തൊടുപുഴ അഡീഷണൽ സെഷൻസ് കോടതിയുടെ വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ പോകുകയും ഹൈക്കോടതി ഡിസ്ചാർജ്ജ് പെറ്റീഷൻ അംഗീകരിക്കുകയും അതിന്മേൽ അന്നത്തെ സർക്കാർ സുപ്രീം കോടതിയിൽ പോകുകയും ചെയ്തു. 2007-ൽ സുപ്രീംകോടതിയുടെ അവസാനവിധി വന്നതിനുശേഷം 2011 വരെ ഭരിച്ച എൽ.ഡി.എഫ്. സർക്കാർ ഇതുസംബന്ധിച്ച് ഒരു തീരുമാനവും എടുത്തില്ല. ഡിസ്ചാർജ്ജ് പെറ്റീഷനുള്ള വ്യക്തിയിന്മേൽ പുനരന്വേഷണം ആകാമോയെന്ന് കോടതി തീരുമാനിക്കുകയോ സർക്കാരിന് നിയമോപദേശം ലഭ്യമാകുകയോ ചെയ്യാതെ തീരുമാനമെടുക്കാൻ സാധ്യമല്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ വിഷയത്തിൽ വ്യക്തമായ നിയമോപദേശം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗവൺമെന്റിന് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. മൊഴിമാറ്റവുമായി ബന്ധപ്പെട്ട് നായനാർ ഗവൺമെന്റിന്റെ കാലത്ത് വിശദമായ അന്വേഷണം നടത്തുകയും നേരിട്ടുള്ള മൊഴികളും സാങ്കേതിക തെളിവുകളുമടങ്ങുന്ന റിപ്പോർട്ട് അന്നത്തെ ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ കേസിന്മേൽ ഇതുവരെ നടത്തിയിട്ടുള്ള മൂന്ന് അന്വേഷണങ്ങളിലും ശ്രീ. പി. ജെ. കുര്യൻ കുറ്റക്കാരനല്ലെന്ന് കണ്ടെത്തുകയും ഹൈക്കോടതിയും സുപ്രീം കോടതിയും ഈ കേസിൽ നിന്നും അദ്ദേഹത്തെ ഡിസ്ചാർജ്ജ് ചെയ്തിട്ടുള്ളതുമാണ്. നിയമാനുസൃതമായി ചെയ്യാവുന്ന മുഴുവൻ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) <u>കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ ശോചനീയാവസ്ഥ</u>

<u>ശ്രീ. ഹൈബി ഈഡൻ</u>: എറണാകുളം ജില്ലയിലെ കെ.എസ്.ആർ. ടി.സി.യുടെ പഴയ ബസ് സ്റ്റാന്റും തേവര ബസ് സ്റ്റാന്റും നവീകരിക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): എറണാകുളം ജില്ലയിലെ തേവര ബസ് സ്റ്റാന്റിന്റെ പുനരുദ്ധാരണത്തിനായി ഒരു കോടി രൂപ അനുവദിച്ച് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി തിരുകൊച്ചി സർവ്വീസുകൾ അവിടേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളത്ത് നിലവിലുള്ള ബസ് സ്റ്റാന്റ് പുനരുദ്ധാരണവും ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണവും പരിഗണന യിലാണ്.

(3) <u>വൈഗ ത്രെഡ്സ് കമ്പനിയിലെ കരാർ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. ബി. ഡി. ദേവസ്സി:</u> ചാലക്കുടിയിലെ വൈഗ ത്രെഡ്സ് കമ്പനി യിലെ കരാർ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ കാലാനു സൃതമായി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി <u>(ശ്രീ. ഷിബു ബേബിജോൺ</u>): ഇത് സംബന്ധിച്ച് നടത്തിയ ചർച്ചകളിൽ മാന്യമായ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുത്തുകൊണ്ട് ഒരു ക്ലോഷർ പാക്കേജ് നടപ്പാക്കാമെന്ന ഒരു കൺസെൻസസിൽ എത്തിയിട്ടുണ്ട്.

## (4) വീട് കയറി ആക്രമിച്ച സംഭവം

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ വടക്കേ വാരിയത്ത് സ്കൂൾ അദ്ധ്യാപികയായ ഗീതയെയും മകൻ സൂരജിനെയും വീട്ടിൽ കയറി ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചവരെ കണ്ടെത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇത് സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് ശാസ്ത്രീയമായി തെളിവുകൾ ശേഖരിച്ച് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. പ്രതിയെ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

## (5) പൊതുമാപ്പ് ലഭിച്ച് തിരികെ വരുന്ന പ്രവാസികൾക്ക് ആനുകൂല്യങ്ങൾ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: യു.എ.ഇ അടക്കമുള്ള ഗൾഫ് രാഷ്ടങ്ങളിൽ നിന്ന് പൊതുമാപ്പിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്തി തിരിച്ചുവരുന്ന കേരളീയരായ പ്രവാസികൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ നൽകുന്നതിന് അടിയന്തര നടപടിയുണ്ടാകണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി ജോസഫ്): യു.എ.ഇ അടക്കമുള്ള ഗൾഫ് നാടുകളിൽ നിന്ന് പൊതുമാപ്പിന്റെ ആനുകൂല്യം ഉപയോഗിച്ച് ഇൻഡ്യയിൽ തിരിച്ചെത്തുന്നവരെ സഹായിക്കാനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്ന് ഇൻഡ്യൻ എമ്പസിയെ അറിയിച്ചുവെങ്കിലും കേരളീയരെ മാത്രമായി സഹായിക്കാൻ സാധിക്കില്ലെന്ന നിലപാടാണ് അവർ സ്വീകരിച്ചത്. ഈ സാഹചര്യത്തിൽ മടങ്ങി വരാൻ തയ്യാറുള്ള ആളുകളുടെ പട്ടിക ശേഖരിച്ച് അവർക്ക് സൗജന്യ വിമാന ടിക്കറ്റ് കൊടുക്കാനും മടങ്ങി വന്നു കഴിഞ്ഞാൽ ചെലവായ തുക റീ-ഇമ്പേഴ്സ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

## (6) കുടിവെള്ളക്ഷാമം

ശ്രീ. പി. സി. വിഷ്ണുനാഥ്: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വിതരണ ശൃംഖല ദീർഘിപ്പിച്ച് കുടിവെള്ളം എത്തിക്കുന്നതിനും പൊതുടാപ്പുകൾ നന്നാക്കുന്നതിനുമായി 27 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കുന്നത്തുമല ജലശുദ്ധീകരണശാലയിലെയും മിത്തൽപ്പുഴ കടവിലെ റാ വാട്ടർ പമ്പ് ഹൗസിന്റെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും സ്റ്റാന്റ് ബൈ പമ്പുകൾ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (7) റിസർവോയറിന്റെ ആഴം കൂട്ടേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. രാജു: തെൻമല ഡാമിന്റെ റിസർവോയറിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്ത് ആഴം കൂട്ടാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): തെന്മല ഡാമിലെ എക്കലും മണ്ണും നീക്കം ചെയ്യാൻ കേന്ദ്ര വനംവകുപ്പിന്റെ അനുമതി ആവശ്യമാണ്. റിസർവോയറിലെ സെഡിമെന്റേഷൻ സർവ്വേ റിപ്പോർട്ട് ലഭിച്ചാൽ കേന്ദ്ര വനം വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## (8) കരമന-കളിയിക്കാവിള റോഡ്

ശ്രീ. ആർ. സെൽവരാജ്: കരമന-കളിയിക്കാവിള റോഡിന്റെ വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): കരമന-കളിയിക്കാവിള റോഡിന്റെ വീതി കൂട്ടുന്നതിന്റെ ഭാഗമായി ആദ്യ റീച്ചായ കരമന മുതൽ പ്രാവച്ചമ്പലം വരെ സ്ഥലം ഏറ്റെടുക്കുന്നതിന് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സ്ട്രക്ചറൽ വാല്യുവേഷൻ നടത്തിവരികയാണ്. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ സർവ്വേ നടപടി ഇന്നുമുതൽ ആരംഭിക്കുന്നതാണ്.

**(9) ബൈപ്പാസ് റോഡിന് സ്ഥലം ഏറ്റെടുക്കൽ**

ശ്രീ. സാജു പോൾ: പെരുമ്പാവൂർ ടൗൺ ബൈപ്പാസ് റോഡിന് സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പെരുമ്പാവൂർ ടൗൺ ബൈപ്പാസ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പ്രാദേശിക അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ അലൈൻമെന്റിന് അന്തിമരൂപം നൽകുകയും സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

**(10) കരി ഓയിൽ പ്രയോഗം**

ശ്രീ. വി. ശിവൻകുട്ടി: ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ അതിക്രമിച്ചു കയറുകയും ഡയറക്ടറുടെ മേൽ കരി ഓയിൽ ഒഴിക്കുകയും ചെയ്തവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഓഫീസുകളിൽ അതിക്രമിച്ച് കയറുന്നതും ജീവനക്കാരെ അക്രമിക്കുന്നതും ശരിയല്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്. ഈ കേസുമായി ബന്ധപ്പെട്ട് എട്ട് പേരെ അറസ്റ്റ് ചെയ്ത് 14 ദിവസത്തേയ്ക്ക് റിമാൻഡ്

ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ക്രമപ്രശ്നം**

**ഡയസിൽ അംഗങ്ങൾ കയറിയതു സംബന്ധിച്ച്**

ശ്രീ. ബെന്നി ബെഹനാൻ : 2013 ഫെബ്രുവരി നാലാം തീയതി സഭയിലെ അഞ്ച് അംഗങ്ങൾ സ്പീക്കറുടെ ഡയസിലേയ്ക്ക് കയറുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു.

**റൂളിംഗ്**

മി. സ്പീക്കർ : 2013 ഫെബ്രുവരി നാലാം തീയതി സ്പീക്കറുടെ ഡയസിൽ കയറിയ അഞ്ച് അംഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് ലഭിച്ചിരുന്നു. സഭാനടപടികൾ ജനങ്ങൾ വെബ്സൈറ്റിലൂടെ കാണുകയും തങ്ങൾ തെരഞ്ഞെടുത്തയച്ച ജനപ്രതിനിധികളുടെ സഭയിലെ പെരുമാറ്റം സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട് എന്ന കാര്യം സഭയെ ഓർമ്മിപ്പിക്കുകയാണ്. ഈ സംഭവത്തിന്റെ പേരിൽ എന്തെങ്കിലും ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്ന് ചെയർ കരുതുന്നില്ല. പ്രതിഷേധിക്കുന്നതിനുള്ള അവകാശം എല്ലാവർക്കും ഉണ്ടെങ്കിലും അത്

എവിടംവരെ ആകാമെന്നത് അംഗങ്ങൾ സ്വയം തീരുമാനിക്കട്ടെയെന്നാണ് ചെയറിന്റെ അഭിപ്രായം.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. കെ. മുരളീധരൻ : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കേരളപ്പിറവി ദിനത്തിൽ മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ പദവി ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കൊച്ചി നഗരത്തിലെ ട്രാഫിക് കുരുക്കിന് അറുതി വരുന്നതാണ്. തലസ്ഥാന നഗരിയിൽ മോണോ റെയിലിന് 3560 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനം എടുത്തതും കഴക്കൂട്ടം മുതൽ കേശവദാസപുരംവരെയുള്ള റോഡ് നാലുവരിപ്പാതയാക്കാൻ നടപടികളാരംഭിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. കോഴിക്കോട് മോണോ റെയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും തിരുവനന്തപുരം നഗരത്തിൽ മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും ത്വരിതഗതിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ഏർപ്പെടുത്തിയ കാരുണ്യ ലോട്ടറിയും കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയും പ്രശംസനീയമാണ്. സംസ്ഥാനത്ത് നടന്ന ഉപതെരഞ്ഞെടുപ്പുകളിലെ വിജയം സർക്കാരിൽ ജനങ്ങൾക്ക് വിശ്വാസമുള്ളതിന്റെ തെളിവാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ ഒരു വിഭാഗം സർക്കാർ ജീവനക്കാർ നടത്തിയ സമരം തികഞ്ഞ പരാജയമായിരുന്നു. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ അനുകൂലിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: ഇന്ധനവില വർദ്ധിപ്പിച്ച് ഉപഭോഗം കുറയ്ക്കുക എന്ന തികച്ചും അപ്രായോഗികമായ സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ബാങ്കിംഗ് ഇൻഷ്വറൻസ് മേഖലകളെ കോർപ്പറേറ്റുകൾക്കും അന്താരാഷ്ട്ര കുത്തകകൾക്കും ഗവൺമെന്റ് തീറെഴുതിയിരിക്കുന്നു. 8,02,026 കോടി രൂപയുടെ കമ്മി നില നിൽക്കുമ്പോൾ എഫ്.ഡി.ഐ കൊണ്ടുവരുന്നത് അപകടമുണ്ടാക്കും. സർക്കാർ ജീവനക്കാരോട് വഞ്ചനാപരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അധികമുള്ള തോട്ടം ഭൂമി തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും വിഭജിച്ചു കൊടുക്കണം. അഷ്ടമുടിക്കായലും വേമ്പനാട്ടു കായലും സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവിടത്തെ മാലിന്യ നിർമ്മാർജ്ജ നത്തിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഉൾനാടൻ മത്സ്യബന്ധന മേഖല വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരി ക്കണം. ട്രേഡ് ഡഫിസിറ്റ് കുറയ്ക്കണം. കശുവണ്ടി വ്യവസായത്തെക്കു റിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തത് ശരിയല്ല. എറണാ കുളം ടൂറിസം സർക്ക്യൂട്ടിനടുത്ത് കൈത്തറിഗ്രാമം സ്ഥാപിക്കുന്നതും, മൂല്യ വർദ്ധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു കയർ ഫാക്ടറി ആരംഭിച്ചതും എവിടെയാണെന്ന് വ്യക്തമാക്കണം. മത്സ്യത്തൊഴിലാ ളികളുടെ പ്രശ്നങ്ങൾ പഠിക്കുവാൻ കമ്മീഷൻ രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കണം. എൻറിക്ക ലക്സി എന്ന കപ്പലിലെ നാവികർ രണ്ടു മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന സംഭവത്തിൽ കേസ്സെടു ക്കാൻ കേരളാ പോലീസിന് അവകാശമില്ലെന്ന സുപ്രീംകോടതി വിധിക്കെ തിരെ റിവ്യൂ ഹർജി കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കണം.

60 നോട്ടിക്കൽ മൈൽവരെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് അനുമതി നൽകണം.

**ക്രമപ്രശ്നം**

**നിയമസഭാ മന്ദിരത്തിന് പുറത്ത് നടന്ന പ്രകടനം**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സൂര്യനെല്ലി കേസിൽ പുനരന്വേഷണം ആവശ്യപ്പെട്ട് നിയമസഭാ മന്ദിരത്തിനു മുമ്പിൽ പ്രതിഷേധ പ്രകടനം നടത്തിയ മഹിളാ സംഘടനാ പ്രവർത്തകരെ കയ്യേറ്റം ചെയ്യുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്ത പോലീസിനെതിരെ കർശന നടപടി സ്വീകരിക്കുകയും കുറ്റക്കാരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുകയും വേണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നിയമസഭാ മന്ദിരത്തിനു മുമ്പിൽ മഹിളാ പ്രവർത്തകർ നടത്തിയ സമരത്തിൽ എന്താണ് സംഭവിച്ചതെന്ന് പരിശോധിക്കുന്നതാണ്. ന്യായവിരുദ്ധമായി എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

**നന്ദിപ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)**

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രയാസമേറിയ ചുറ്റുപാടുകൾക്കിടയിലും മെച്ചപ്പെട്ട രീതിയിൽ ഭരണം മുന്നോട്ടുകൊണ്ടുപോകേണ്ട ഉത്തരവാദിത്വം നിർവ്വഹിക്കുന്ന സർക്കാരിന്റെ ശ്രമങ്ങളെ പിന്തുണയ്ക്കുന്നു. കാലാനുസൃതമായ മാറ്റത്തിനനുസരിച്ച് സമൂഹത്തെ നിലനിർത്താൻ കഴിയണം. രാഷ്ട്രീയത്തിൽ ഗാന്ധിയൻ മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ

ആവശ്യമാണ്. ജനങ്ങളെ മാതൃകയാക്കിക്കൊണ്ടുള്ള വികസന പ്രവർത്തന ങ്ങളാണ് സർക്കാർ നടത്തേണ്ടത്.

(സഭാ സമ്മേളനം നടന്നുകൊണ്ടിരിക്കെ നിയമസഭാ മന്ദിരത്തിനു പുറത്ത് രണ്ട് വനിതാ എം.എൽ.എ.മാരെ പോലീസ് അറസ്റ്റ് ചെയ്തുവെന്നാ രോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രതിപക്ഷനേതാവിന്റെ സീറ്റിനരികെ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>ക്രമപ്രശ്നം (തുടർച്ച)</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഇവിടെ രണ്ടു സംഭവമുണ്ടായി ട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് നിയമസഭയ്ക്കു മുമ്പിൽ നടന്ന സംഭത്തെക്കുറിച്ചാണ്. പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച പ്രശ്നം അതാണ്. രണ്ട് സി.പി.ഐ. എം.എൽ.എ. മാരെ സെക്രട്ടേറിയറ്റിന് മുമ്പിൽ നടന്ന സമരത്തെത്തുടർന്ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. ആ സംഭവത്തിൽ ആഭ്യന്തരമന്ത്രി ഇടപെടണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ)</u>: എം.എൽ.എ. മാരെ അറസ്റ്റ് ചെയ്തിട്ടില്ല.

<u>മി. സ്പീക്കർ:</u> കേരള നിയമസഭയ്ക്കകത്ത് നിന്നുകൊണ്ട് നിങ്ങളുടെ എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേരള ത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നു, ഈ രണ്ടുപേരേയും അറസ്റ്റ് ചെയ്തിട്ടില്ല എന്ന്. അദ്ദേഹം പറയുന്നത് സഭ വിശ്വാസത്തിലെടുക്കുന്നു. എം.എൽ.എ. യെ അറസ്റ്റ് ചെയ്തുകഴിഞ്ഞാൽ ചട്ടപ്രകാരം ആ വിവരം പോലീസ് നിയമസഭാ സ്പീക്കറെ അറിയിക്കും. സഭ നടന്നുകൊണ്ടിരിക്കുന്ന സമയമാണെങ്കിൽ ആ വിവരം സഭയ്ക്കുള്ളിൽ സ്പീക്കർ അറിയിക്കും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇതേക്കുറിച്ച് വീണ്ടും പരിശോധിച്ച് വിവരം ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കുന്നതാണ്.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ആഭ്യന്തര വകുപ്പുമന്ത്രിക്ക് കിട്ടിയ ഇൻഫർമേഷനാണ് ബഹുമാനപ്പെട്ട സ്പീക്കറെ അറിയിച്ചത്. ഞങ്ങൾക്ക് കിട്ടിയ വിവരമനുസരിച്ച് ശ്രീമതി ഇ.എസ്. ബിജിമോളെ അറസ്റ്റ് ചെയ്തുവെന്നും അവരുടെ സാരി പിടിച്ച് കീറിയെന്നും മാല പൊട്ടിച്ചെടുത്തുവെന്നുമാണ്. അതുകൊണ്ട് അവർ കഴിയുന്നത്ര വേഗം സഭയിൽ വരാനും ഇവിടെ അവരുടെ വിശദീകരണം കേൾക്കാനും അവസരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അങ്ങനെ ഒരു അറസ്റ്റ് ഉണ്ടായിട്ടില്ലെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നു. വീണ്ടും അന്വേഷണം നടത്തി അദ്ദേഹം അത് സഭയെ അറിയിക്കുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇപ്പോൾ എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട് അനുസരിച്ച് ശ്രീമതി ഇ. എസ്. ബിജിമോൾ ജി.വി. രാജാ പവലിയന് മുന്നിലുള്ള റോഡിലിരിക്കുകയാണ്. അറസ്റ്റ് ഉണ്ടായിട്ടില്ല. ശ്രീമതി ഗീതാ ഗോപിയെയും അറസ്റ്റ് ചെയ്തിട്ടില്ല. അവർ നന്ദാവനം ക്യാമ്പിലേയ്ക്ക് നീങ്ങിയ വണ്ടിയിൽ കയറി പോയതാണ്.

മി. സ്പീക്കർ: ആഭ്യന്തര വകുപ്പുമന്ത്രി നിയമസഭയിൽപ്പറയുന്ന കാര്യങ്ങൾ അംഗീകരിക്കാവുന്നതാണ്.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ശ്രീമതി ഗീതാ ഗോപിയെ നന്ദാവനം ക്യാമ്പിലേയ്ക്ക് കൊണ്ടുപോയത് എന്തിനാണെന്ന് അന്വേഷിച്ചതിനുശേഷം ആ വിവരം സഭയെ അറിയിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇനി എന്തെങ്കിലും വിവരം കിട്ടിയാൽ സഭയെ അറിയിക്കുന്നതാണ്.

മി. സ്പീക്കർ: സാഹചര്യമെന്താണെന്ന് അന്വേഷിച്ച് സഭയെ അറിയിക്കും.

**നന്ദിപ്രമേയ ചർച്ച (തുടർച്ച)**

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഗവൺമെന്റെടുക്കുന്ന സമീപനം അഭിനന്ദനാർഹമാണ്. പാരമ്പര്യവും പരിവർത്തനവും ഒന്നിച്ച് കൊണ്ടുപോകാനുള്ള ശ്രമം ഉണ്ടാകണം. കേരളത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനനുബന്ധമായ നടപടികൾ പഞ്ചായത്ത് തലം വരെ സ്വീകരിക്കുന്നതിനുള്ള സമീപനം ഉണ്ടാകണം. ജലസ്രോതസ്സുകൾ സംരക്ഷിക്കണം. മദ്യം കൊണ്ട് സമൂഹത്തിനും കുടുംബത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്കെടുക്കുകയും അതുസംബന്ധിച്ച് ഒരു പഠനം നടത്തുകയും വേണം. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കോർപ്പറേറ്റുകളുടെ ഇടനിലക്കാരായി പ്രവർത്തിക്കരുത്. പരമ്പരാഗത മൂല്യങ്ങളെ കാത്തുരക്ഷിക്കാനുതകുന്ന നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മലയാളം സർവ്വകലാശാല ആരംഭിച്ച നടപടി ശ്ലാഘനീയമാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ സംരക്ഷണത്തിന് സർക്കാർ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന്

പരിശോധിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കുന്ന നയങ്ങൾ ജനങ്ങളെ നിത്യദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. പെട്രോളിയം ഉത്പന്നങ്ങളുടെ വിലനിർണ്ണയാധികാരം എണ്ണക്കമ്പനികൾക്ക് നൽകുകവഴി വിലക്കയറ്റം രൂക്ഷമായിരിക്കുകയാണ്.

(ഇടതുപക്ഷ വനിതാ സംഘടനാ പ്രവർത്തകർ നടത്തിയ നിയമസഭാ മാർച്ചിൽ പങ്കെടുക്കവെ പോലീസിന്റെ മർദ്ദനത്തിനിരയായതായി ആരോപിച്ചുകൊണ്ട് ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ. സഭയിൽ കടന്നുവന്നതിനെത്തുടർന്ന് ബഹുമാനപ്പെട്ട അംഗത്തിന് നേരിടേണ്ടിവന്ന മർദ്ദനത്തെക്കുറിച്ച് വിശദീകരിക്കുന്നതിന് അവസരം നൽകണമെന്ന് പ്രതിപക്ഷ നേതാവും മറ്റ് പ്രതിപക്ഷാംഗങ്ങളും ആവശ്യപ്പെട്ടതിന്, സഭയിൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന അംഗത്തിന്റെ പ്രസംഗം അവസാനിച്ചശേഷം ശ്രീമതി ഇ.എസ്. ബിജിമോൾക്ക് അവസരം നൽകുന്നതാണെന്ന് അദ്ധ്യക്ഷവേദിയിലിരുന്ന ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അറിയിച്ചിട്ടും ശ്രീമതി ഇ.എസ്. ബിജിമോൾക്ക് വിശദീകരണത്തിനായി ഉടൻതന്നെ സമയം നൽകണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹളംവച്ചുകൊണ്ടിരുന്നതിനാൽ ശ്രീ. ഇ. ചന്ദ്രശേഖരൻ തന്റെ പ്രസംഗം അവസാനിപ്പിച്ചതായി ചെയറിനെ അറിയിക്കുകയും തുടർന്ന് വിശദീകരണത്തിന് അവസരം കൊടുക്കുകയും ചെയ്തു)

<u>ക്രമപ്രശ്നം (തുടർച്ച)</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u> : പി.ജെ. കുര്യൻ വിഷയത്തിൽ ഇടതുപക്ഷ മഹിളാ മുന്നണിയുടെ നേതൃത്വത്തിൽ നടത്തിയ മാർച്ച് പോലീസ് തടയുകയും ഞാനടക്കമുള്ള പ്രവർത്തകരെ ക്രൂരമായി മർദ്ദിക്കുകയുമുണ്ടായി. വനിതാ-പുരുഷ വ്യത്യാസമില്ലാതെ പോലീസ് നടത്തിയ പിടിവലിയെത്തുടർന്ന് താലിമാലയിൽനിന്ന് താലി നഷ്ടപ്പെടുകയുണ്ടായി.

കൂടാതെ മാർച്ചിൽ പങ്കെടുത്ത ശ്രീമതി ഗീതാ ഗോപി എം.എൽ.എ.യെ അറസ്റ്റ് ചെയ്ത് നീക്കി.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇടതുപക്ഷ മഹിളാ മുന്നണിയുടെ നേതൃത്വത്തിൽ നടത്തിയ മാർച്ചിനിടയിൽ ഉണ്ടായ അക്രമ സംഭവത്തെക്കുറിച്ചുള്ള അന്വേഷണച്ചുമതല എ.ഡി.ജി.പിയെ ഏൽപ്പിച്ച് എത്രയുംവേഗം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ആവശ്യപ്പെടുന്നതാണ്. അക്രമത്തിനിടയിൽ ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ.യ്ക്ക് നേരിട്ട ശാരീരിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വൈദ്യചികിത്സ ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുകയാണ്. പോലീസുകാരുടെ ഭാഗത്തുനിന്നും കുറ്റകൃത്യമുണ്ടായിട്ടുണ്ടോയെന്ന് സൗത്ത് സോൺ എ.ഡി.ജി.പി. യെക്കൊണ്ട് അന്വേഷണം നടത്തി ബഹുമാനപ്പെട്ട സ്പീക്കർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: വനിതാ എം.എൽ.എ. സത്യസന്ധമായൊരു സ്റ്റേറ്റുമെന്റ് നടത്തിയാൽ സുവോമോട്ടോ കേസെടുത്ത് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടത്തണം.

മി. ഡെപ്യൂട്ടി സ്പീക്കർ: നിയമപരമായി കാര്യങ്ങൾ ചെയ്യാമെന്ന് ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ആവശ്യമാണെങ്കിൽ വനിതാ അംഗത്തെ ഹോസ്പിറ്റലൈസ് ചെയ്യാവുന്നതാണ്.

(വനിതാ എം.എൽ.എ. യ്ക്ക് നേരെ നടന്ന പോലീസ് അതിക്രമത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാത്തതിനാലും വനിതാ അംഗത്തെ

ഹോസ്പിറ്റലൈസ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടും പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനെത്തുടർന്ന് ഉച്ചയ്ക്കുശേഷം **1.37**-ന് സഭ നിർത്തി വയ്ക്കുകയും **3.40**-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സമ്മേളനം പുനരാംരംഭിക്കുകയും ചെയ്തു. )

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ശ്രീമതി ഇ.എസ്. ബിജിമോൾ, എം.എൽ.എ. തനിക്കുണ്ടായ അനുഭവം സഭയിൽ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ : ശ്രീമതി ഇ.എസ്. ബിജിമോൾ പോലീസ് മർദ്ദനത്തിന് വിധേയയായിട്ടുണ്ടെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ട സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഇനിയൊരു അന്വേഷണത്തിന്റെ ആവശ്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എം.എൽ.എ.-യുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്ത് അന്വേഷണം നടത്താൻ തയ്യാറാകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീമതി ഇ.എസ്. ബിജിമോൾ പറഞ്ഞ വിശദീകരണം ഗവൺമെന്റ് മുഖവിലയ്ക്കെടുക്കുകയാണ്. പ്രസ്തുത വിശദീകരണത്തിൽ പ്രത്യേകിച്ച് ഒരാളുടെ പേര് പറയാത്ത സാഹചര്യത്തിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): വനിതാ എം.എൽ.എ. അവർക്കുണ്ടായ അനുഭവം സഭയിൽ പറഞ്ഞിട്ടും റിപ്പോർട്ട് ലഭിച്ചശേഷം നടപടി സ്വീകരിക്കാമെന്ന സമീപനം അത്യന്തം പ്രതിഷേധാർഹ മാണ്. ഈ വിഷയത്തിൽ ഗവൺമെന്റ് ജനാധിപത്യപരമായ സമീപനം സ്വീകരിക്കണം. വനിതാ എം.എൽ.എ.-യെ ക്രൂരമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് ഉടനെ സസ്പെന്റ് ചെയ്യണം. ശ്രീമതി ഗീതാ ഗോപി എം.എൽ.എ. എവിടെയാണെന്ന് സഭ അറിയേണ്ടതുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സംഭവത്തിന് ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യാൻ തയ്യാറുണ്ടോയെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സംഭവത്തിന് ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥൻ ആരാണെന്നും യഥാർത്ഥ വസ്തുത എന്താണെന്നു മുള്ള വിവരങ്ങൾ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

(ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചു വെന്നും മറുപടി തൃപ്തികരമല്ലെന്നും ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയ സിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടു ത്തിക്കൊണ്ടിരുന്നതിനാൽ സഭ ഇന്നത്തേയ്ക്ക് പിരിഞ്ഞതായി ബഹുമാന പ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചു.)

സഭ വൈകുന്നേരം 4.07-ന് പിരിഞ്ഞു.